**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5333** — **05-07-2024 - ൽ മറുപടിയ്ക്ക്**

**നിലവാരമില്ലാത്ത സ്ഥാപനങ്ങളിലെ വിദേശപഠനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | വിദേശപഠനം ആഗ്രഹിച്ചുപോകുന്ന വിദ്യാർത്ഥികൾ നിലവാരം കുറഞ്ഞ യൂണിവേഴ്സിറ്റികളിൽ ചേർന്ന് കബളിപ്പിക്കപ്പെടുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | വിദ്യാഭ്യാസ കൺസൾട്ടൻസികൾ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നത് തടയാൻ സംസ്ഥാനത്തെ ഇതര കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനു പ്രത്യേക നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ, വിദ്യാർത്ഥികൾ നിലവാരം കുറഞ്ഞ യൂണിവേഴ്സിറ്റികളിൽ ചേർന്ന് കബളിപ്പിക്കപ്പെടുന്നത് തടയാനായി താഴെപ്പറയുന്ന അക്കാദമികമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>a) ദേശീയ -അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായ FYUGP കരിക്കുലം ബിരുദതലത്തിൽ നടപ്പിലാക്കി.<br><br>b) നാലുവർഷ ബിരുദ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഗവേഷണം ബിരുദതല വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറുന്നു.<br><br>c) നൈപുണി കോഴ്സുകൾ (skill courses) Internship, apprenticeship/project എന്നീ ഘടകങ്ങൾ ബിരുദതല വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകമായി മാറുന്നു.<br><br>d) സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ കോഴ്സുകൾ ആരംഭിച്ചു.<br><br>e) സർവ്വകലാശാലകളുടെ ആധുനികവൽക്കരണം (K-REAP).<br><br>f) സർവ്വകലാശാലകളിലെ ഗവേഷണ പ്രോൽസാഹനത്തിന് സെന്റർ ഓഫ് എക്സലൻസ് (CoE) ഉം ട്രാൻസിലേഷൻ റിസർച്ച് സെന്റർ (TRC) ഉം ആരംഭിച്ചു. |

| | | | |
|---|---|---|---|
| | | | g) ഗവേഷണ പ്രോൽസാഹനത്തിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ